# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 612 — 30/6/2016 -ൽ മറുപടിക്ക്

## ജപ്പാൻ കുടിവെള്ള പദ്ധതി

### ചോദ്യം

ശ്രീ. ജി.എസ്.ജയലാൽ

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൻ കീഴിലുള്ള മീനാട് ശുദ്ധ ജലവിതരണ പദ്ധതി പ്രകാരം ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

### മറുപടി

ശ്രീ. മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) & (ബി) വിതരണശൃംഖലകളുടെ പണികൾ ആദ്യം ഏറ്റെടുത്തിരുന്ന കരാറുകാരൻ M/s. K.Ramakrishna Contractors Pvt. Ltd., Hyderabad ആയിരുന്നു. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ചുപോയതിനാൽ M/s. TECPRO Infra Structure Ltd., Kochi എന്ന കമ്പനിക്ക് 2012 ജൂണിൽ ബാക്കി പണികൾക്ക് കരാർ നൽകിയിരുന്നു. 2012 ആഗസ്റ്റിൽ പ്രവർത്തികൾ ആരംഭിച്ചു. കരാർ കാലാവധി 2013 ഡിസംബർ വരെ ആയിരുന്നുവെങ്കിലും 160 കി.മീ. വിതരണ ശൃംഖലയുടെ പണികൾ പൂർത്തിയാക്കാനുണ്ട്. കൂടാതെ നേരത്തേ പൂർത്തീകരിച്ച പൈപ്പ് ലൈനിൽ ഗ്യാപ്പ് ക്ലോസിംഗ് ജോലികൾ ചെയ്ത് പൂർത്തീകരിക്കാനുണ്ട്. M/s. TECPRO യുടെ സാമ്പത്തിക പ്രശ്നങ്ങളാൽ പണി മന്ദഗതിയിലായതിനാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും 2016 ഡിസംബർ മാസത്തിൽ വിതരണ ശൃംഖലയുടെ പണി പൂർത്തിയാക്കാമെന്നുള്ള അവരുടെ ഉറപ്പിന്മേൽ പണി 2016 ഫെബ്രുവരി മാസം പുനരാരംഭിച്ചിട്ടുണ്ട്.

JSK/

(സി) പറവൂർ നഗരസഭാ പ്രദേശത്ത് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(സി) പറവൂർ നഗരസഭാ പ്രദേശത്ത് ഒരു റെയിൽവേ ക്രോസ്സിംഗ് പണി ചെയ്യുവാനുണ്ട്. കൂടാതെ നഗരസഭാ പ്രദേശത്തെ റോഡ് മുറിക്കുന്നതിന് അനുവാദം ലഭ്യമാക്കേണ്ടതുമുണ്ട്. PWD റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നിലവിൽ നിരോധനമുള്ളതിനാൽ ഇതും പണികളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

JSK/